പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2039.

17.12.2012 ൽ മറുപടിക്ക്

## ബ്രഹ്മപുരം ഡീസൽ നിലയം അഴിമതി-വിജിലൻസ് അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു. | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി. |
| (എ)ബ്രഹ്മപുരം ഡീസൽ നിലയം അഴിമതി -വിജിലൻസ് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) ബ്രഹ്മപുരം ഡീസൽ നിലയം അഴിമതി സംബന്ധിച്ചുള്ള വി.സി.4/99/എസ്.സി.ഇ എന്ന കേസിൽ അന്വേഷണം പൂർത്തിയാക്കി തൃശൂർ വിജിലൻസ് കോടതിയിൽ സി.സി 3/08, സി.സി.4/08 എന്നീ നമ്പരുകളിലായി രണ്ടു കുറ്റപത്രങ്ങൾ സമർപ്പിച്ചു. 15.12.2008-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി) 13804/08 ഉത്തരവ് പ്രകാരം സി.സി.3/08 ന്റെ കുറ്റപത്രം തൃശൂർ വിജിലൻസ് കോടതിയിൽ നിന്നും പിൻവലിച്ച് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിക്കാനുള്ള നടപടി നടന്നു വരുന്നു. സി.സി.4/08 എന്ന കേസ് വിചാരണയിലാണ്. |

| | | | |
|---|---|---|---|
| (ബി)അന്വേഷണ സംഘം നിലവിൽ പ്രവൃത്തിച്ച് വരുന്നുണ്ടോ; അല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | | (ബി) | അന്വേഷണ സംഘം നിലവിൽ പ്രവർത്തിക്കുന്നില്ല. അന്വേഷണ നടപടികൾ പൂർത്തിയായ ടി കേസ് ചാർജ്ജ് ഷീറ്റ്ചെയ്തതിനാലും ടീമിന്റെ കാലാവധി കഴിഞ്ഞതിനാലും 30.5.2012 ലെ ജി.ഒ.(എം.എസ്) നമ്പർ 24/12/വിജി.ഉത്തരവ് പ്രകാരം അന്വേഷണ സംഘത്തെ പിരിച്ചു വിട്ടു. |
| (സി) കേസിൽ ഉൾപ്പെട്ട സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരെ വിചാരണ ചെയ്യാനുളള അനുമതി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത് എപ്പോഴായിരുന്നു; | | (സി) | കേന്ദ്ര സർക്കാരിന്റെ അനുമതി 3/7/2012 ൽ ലഭിച്ചു. |
| (ഡി)ഡീസൽ നിലയവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റിസ് ഭാസ്ക്കരൻ നമ്പ്യാർ കമ്മീഷൻ ശുപാർശകൾ എന്തെല്ലാമായിരുന്നു; എ.ജി കണക്കാക്കിയ നഷ്ടം എത്ര; വിജിലൻസ് സംഘം എന്തെല്ലാംകാര്യങ്ങളിൽ അന്വേഷണം നടത്തുകയുണ്ടായി. | | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഇ) | ആരോപണ വിധേയമായ ബ്രഹ്മപുരം പദ്ധതി നടപ്പിലാക്കുമ്പോൾ ഇലക്ട്രിസിറ്റി, ധനകാര്യ വകുപ്പ് മന്ത്രിമാർ ആരൊക്കെയായിരുന്നു? | (ഇ) | ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.